**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1513** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>ലോട്ടറി സമ്മാനത്തുകയുടെ വിതരണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി ഉമ തോമസ് ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** ലോട്ടറി വകുപ്പ് വിറ്റഴിക്കപ്പെട്ട ടിക്കറ്റുകൾക്ക് സമ്മാനം ലഭിച്ചിട്ടും നിശ്ചിത കാലാവധിക്കുള്ളിൽ അവകാശവാദം ഉന്നയിക്കാത്തതിനാൽ വിതരണം ചെയ്യപ്പെടാതെ ശേഷിക്കുന്ന സമ്മാനത്തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** വിശദാംശങ്ങൾ ക്രോഡീകരിച്ച സൂക്ഷിച്ചിട്ടില്ല.

**(ബി)** കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ ഓരോ വർഷവും ക്ലെയിം ചെയ്യപ്പെടാതെ ശേഷിച്ച സമ്മാനത്തുക എത്രയായിരുന്നു;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** ക്ലെയിം ചെയ്യപ്പെടാതെ ശേഷിക്കുന്ന ഈ സമ്മാനത്തുക നിലവിൽ ഏതു ഫണ്ടിലാണ് നിക്ഷേപിക്കുന്നത്;

**<u>മറുപടി:</u>** ലോട്ടറിയിൽ നിന്നുള്ള വിറ്റുവരവും സമ്മാനവിതരണവും സർക്കാരിന്റെ അക്കൗണ്ട് ശീർഷകങ്ങൾ വഴി തന്നെ കൈകാര്യം ചെയ്യുന്നതിനാലും ക്ലെയിം ചെയ്യാത്ത സമ്മാനത്തുക സംബന്ധിച്ച വിശദാംശങ്ങൾ പ്രത്യേകമായി സൂക്ഷിക്കുന്നില്ല എന്നതിനാലും ക്ലെയിം ചെയ്യപ്പെടാതെ ശേഷിക്കുന്ന സമ്മാനത്തുക നിക്ഷേപിക്കുന്നതിനായി പ്രത്യേക ഫണ്ട് നിലവിലില്ല.

**(ഡി)** ഈ സമ്മാനത്തുക പ്രത്യേക ആവശ്യങ്ങൾക്കായി വിനിയോഗിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**<u>മറുപടി:</u>** ക്ലെയിം ചെയ്യപ്പെടാതെ ശേഷിക്കുന്ന സമ്മാനത്തുക പ്രത്യേകമായി മാറ്റിവയ്ക്കാത്തതിനാൽ അത് ഏതെങ്കിലും പ്രത്യേക ആവശ്യങ്ങൾക്കായി വിനിയോഗിക്കുന്നില്ല.

**സെക്ഷൻ ഓഫീസർ**